കൊടുത്ത് ആളുകൾ വാങ്ങിക്കുകയെന്നുപറഞ്ഞാൽ വളരെ ബുദ്ധിമുട്ടാണ്. ഭ്രാന്തൻ നായ കടിച്ചാൽ വളരെ പരിഭ്രാന്തിയാണുണ്ടാകുക. അതുകൊണ്ട് എ.ആർ. വാക്സിൻ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും സ്റ്റോക്ക് ചെയ്യത്തക്കവിധത്തിലുള്ള ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: തീർച്ചയായിട്ടും ഉടൻതന്നെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതായിരിക്കും.

IV സബ്മിഷൻ

(1) തിരുവനന്തപുരത്ത് പൂവാറിലുണ്ടായ സംഘർഷാവസ്ഥ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ കഴിഞ്ഞ ദിവസം മുസ്ലീം സഹോദരങ്ങൾ തിങ്ങിത്താമസിക്കുന്ന ഒരു കോളനിയുടെ നേരെ പള്ളി മണി മുഴക്കിയശേഷം നൂറ് കണക്കിനാളുകൾ ബോംബെറിഞ്ഞും, തീ വച്ചും ഏതാണ്ട് നൂറ്റിയെൺപതോളം വീടുകൾ കത്തിക്കരിഞ്ഞ് ആകെ നശിച്ചുകിടക്കുന്നതായി ഇന്നലെ സ്ഥലം സന്ദർശിച്ചപ്പോൾ കാണാൻ കഴിഞ്ഞു. അവിടെ കഴിഞ്ഞിരുന്ന നാന്നൂറിൽപരം കുടുംബങ്ങൾ താമസിക്കാൻ നിർവാഹമില്ലാത്തതിനാൽ, അടുത്തുള്ള പൂവാർ പ്ലസ്ടു സ്കൂളിൽ താമസിക്കുന്നതായി കാണാൻ കഴിഞ്ഞു. സ്ത്രീകളും കുഞ്ഞുങ്ങളും പുരുഷന്മാരും വൃദ്ധവയോധികരുമായ ആളുകൾ വളരെ ഭീതിയോടുകൂടി അവിടെകഴിയുന്നതായിട്ടാണ് കണ്ടത്. ഇതുപോലുള്ള ആക്രമണം കഴിഞ്ഞ ദിവസം നടന്നുവെന്ന് മാത്രമല്ല, അവിടെ പല പ്രാവശ്യമായി സമീപ പ്രദേശത്തെ പള്ളിക്കാർ നിരന്തരമായി ആക്രമിച്ച് ഭൂമി കൈവശപ്പെടുത്തുന്നതിനുള്ള ശ്രമവും 1976, 1980, 1982 എന്നീ കാലഘട്ടങ്ങളിൽ നടന്നു. അങ്ങനെ ആവർത്തിച്ചാവർത്തിച്ചുള്ള ഇത്തരം ആക്രമണങ്ങളെ സംബന്ധിച്ച കദനകഥകളാണ് ആ വീട്ടുകാരിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. അവരെ സംരക്ഷിക്കുന്നതിനാവശ്യമായ അടിയന്തിര സ്വഭാവത്തോടുകൂടിയ ഗൗരവ നടപടികളൊന്നും തന്നെ ഉണ്ടാകുന്നില്ല എന്ന ഭീതിയോടും രോഷത്തോടും കൂടിയാണ് അവർ പറഞ്ഞത്. ഈ രണ്ട് പ്രദേശങ്ങളും വേർതിരിക്കത്തക്ക തരത്തിൽ ഒരു മതിൽകെട്ടി, പെട്ടെന്ന് വന്ന് തീ വയ്ക്കുകയും മറ്റും ചെയ്യാത്ത വിധത്തിൽ സംരക്ഷണനടപടി ഞങ്ങൾക്ക് ചെയ്തുതന്നാൽ വളരെ ഉപകാരമായിരിക്കുമെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അവർ എന്നോട് പറഞ്ഞു. അതുപോലെതന്നെ ഓലമേഞ്ഞ വീടുകൾ ആയതു കൊണ്ട് തീ എറിഞ്ഞു കഴിഞ്ഞാൽ ഉടൻതന്നെ കത്തിച്ചാമ്പലായിപ്പോവുകയാണ്. അവിടെ താമസിക്കുന്നവർക്ക് കോൺക്രീറ്റ് വീടുകൾ വച്ചുകൊടുക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുകയാണെങ്കിൽ അതൊരു രക്ഷയായിരിക്കുമെന്ന് അവർ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം അക്രമികളെ അടിയന്തിരസ്വഭാവത്തോടുകൂടി കസ്റ്റഡിയിലെടുത്ത് കേസ് ചാർജ് ചെയ്യണം. ഇതുപോലുള്ള ആക്രമണങ്ങൾ തുടർന്ന് ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ഗവണ്മെന്റ് സത്വര നടപടി സ്വീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. കാരണം ഒരു വർഗ്ഗീയ

LIBRARY ARCHIVES Kerala Legislative Assembly

സ്വഭാവത്തോടുകൂടിയ, ആക്രമണമാണ് ഇതിന്റെ പിന്നിലുള്ളത്. ഒരു ഭാഗത്ത് ക്രിസ്ത്യൻ വിഭാഗക്കാരും മറുഭാഗത്ത് മുസ്ലിം സമുദായക്കാരുമായതിനാൽ വളരെവേഗം പ്രശ്നം ആളിക്കത്തിച്ച് വർഗ്ഗീയതയിലേക്ക് നീക്കി കൊണ്ടുപോകാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല. അവിടെ സ്ത്രീകൾ മാത്രമുണ്ടായിരുന്ന അവസരത്തിൽ, പത്തിരുപതു വയസ്സായ ഒരു കൂട്ടമെ സ്ത്രീകൾ ചേർന്ന് പിടിച്ചശേഷം പോലീസിൽ അറിയിച്ചു. പോലീസുകാർ വന്നു കൂട്ടമെ കൊണ്ടുപോകുമ്പോഴേക്ക് മണിയടിച്ചിട്ട് ആളുകൾ വന്ന് കൊള്ള ചെയ്തു. ഇതിന്റെ അടിയന്തിരസ്വഭാവം മനസ്സിലാക്കി ഗവണ്മെന്റ് സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ഗൗരവമായ സംഗതിയാണ്. വളരെ നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ് അവിടെ ഉണ്ടായത്. മതസൗഹാർദ്ദത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത നിർഭാഗ്യകരമായ സ്ഥിതിയാണുണ്ടായത്. സംഭവം നടക്കുമ്പോൾ ഞാൻ എറണാകുളത്തായിരുന്നു. സംഭവമറിഞ്ഞ ഉടനെതന്നെ രാത്രി ഒരു മണിയോടെ ഞാൻ അവിടെയെത്തി. ദുഃഖം അനുഭവിക്കുന്ന എല്ലാപേരെയും നേരിട്ട് കണ്ട് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കിയിരുന്നു. ഇന്നലെ പ്രതിപക്ഷനേതാവ് അവിടെപ്പോയി. മുൻ മുഖ്യമന്ത്രിമാരായ ശ്രീ. എ. കെ. ആന്റണി, ശ്രീ. കെ. കരുണാകരൻ, എന്നിവർ അവിടെ പോയി. ഈ സഭയിലെ പല എം.എൽ.എ.മാരും പോയി കണ്ടതിനുശേഷം അവർക്ക് താമസിക്കുന്നതിന് അടിയന്തിരമായി സൗകര്യങ്ങൾ ഏർപ്പെടുത്തി. അവിടെ ചില പോരായ്മകൾ ഉണ്ടായിരുന്നു. നേതാക്കൾ പോയി കണ്ടു, എന്നെ വിളിച്ചു പറഞ്ഞു. അതനുസരിച്ച് വേണ്ട ക്രമീകരണങ്ങളെല്ലാം ചെയ്തു. പ്രതിപക്ഷനേതാവ് പറഞ്ഞ പ്രധാനപ്പെട്ട രണ്ടു നിർദ്ദേശങ്ങളുണ്ട്. ഒന്ന് മതിൽ കെട്ടിത്തിരിക്കണം, പ്രായോഗികമായി ചില പ്രശ്നങ്ങളുണ്ടെങ്കിലും ചർച്ച ചെയ്ത് അതിനുവേണ്ട തീരുമാനങ്ങൾ എങ്ങനെ എടുക്കാൻ പറ്റുമെന്ന് പരിശോധിക്കുന്നതാണ്. അതുപോലെതന്നെ വീടുകൾ അടിയന്തിരമായി നിർമ്മിച്ചുകൊടുക്കും. അവരുടെ ഇപ്പോഴത്തെ കണക്കനുസരിച്ച് 91 വീടുകൾ പൂർണ്ണമായും 3 വീടുകൾ ഭാഗികമായും കത്തി നശിച്ചു അങ്ങനെ 94 എണ്ണം നശിച്ചു എന്നാണ് ഇപ്പോൾ കിട്ടിയ കണക്ക്. പൂർണ്ണമായ കണക്കുകൾ കിട്ടിയാൽ അത് ബോദ്ധ്യപ്പെടും. അവർക്ക് വീടുകൾ എത്രയും വേഗം നിർമ്മിച്ചു കൊടുക്കുന്നതിനുള്ള തീരുമാനമാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഈ മൺസൂണിന് മുൻപ്, അതായത് മേയ് 31-ന് മുമ്പ് തന്നെ വീടുകൾ വച്ചുകൊടുക്കുക എന്നൊരു ടൈം ലിമിറ്റ് വച്ചുകഴിഞ്ഞു. അതിനുള്ളിൽ അവർക്ക് വീട് പണിയുന്നതിനുവേണ്ടി കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി പോലീസ് ചർച്ച ചെയ്തു, അവർ വളരെ വേഗത്തിൽ ചെയ്യാൻ തയ്യാറാണെന്നറിയിച്ചിട്ടുണ്ട്. അതനുസരിച്ച് ഇന്നുതന്നെ അവരെ കണ്ട് അതിന്റെ എല്ലാ എസ്റ്റിമേറ്റുകളും മറ്റു കാര്യങ്ങളും എടുക്കാൻ പറഞ്ഞിരിക്കുകയാണ്. അങ്ങനെ സമയ ബന്ധിതമായി ഒരു ആശ്രയവുമില്ലാത്തവർക്ക് അധിക നാൾ ബുദ്ധിമുട്ടിക്കാതെ തിരിച്ച് സ്ഥിരമായ വീടുകളിൽ താമസിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും. ഈ കാര്യത്തിൽ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കാനുള്ളത് ഇതുപോലുള്ള സംഭവങ്ങൾ നമ്മുടെ നാട്ടിലൊരിക്കലും ആവർത്തിക്കാൻ പാടില്ല എന്നാണ്. ബന്ധപ്പെട്ട നേതാക്കളെയൊക്കെ കോൺടാക്ട് ചെയ്തിട്ടുണ്ട്. അവരുടെ ഭാഗത്തുനിന്ന് വളരെ സഹായകരമായ നിലപാടാണ് വന്നിട്ടുള്ളത്. സമുദായ സൗഹാർദ്ദം നിലനിർത്തുന്നതിനുവേണ്ടി ഒത്തൊരുമിച്ച് ശ്രമിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതേസമയം തെറ്റുചെയ്തവർക്കെതിരെ കർശനമായ നിയമ നടപടിയുണ്ടാകും. അതിന് ആവശ്യത്തിന് പോലിസ് ഫോഴ്സ് അവിടെയുണ്ട്. എല്ലാ വിധത്തിലുള്ള നിയമനടപടികളും അവിടെ എടുക്കും.

(2) തായ്‌ലന്റിൽ നിന്നുള്ള മത്സ്യ ഇറക്കുമതി

പ്രൊഫ. കെ. വി. തോമസ്. സർ, 2004 അവസാനത്തിൽ തായ്‌ലന്റും ഇന്ത്യയും തമ്മിൽ ഒരു വ്യാപാര കരാർ ഉണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ 82 ഐറ്റംസ് യാതൊരു തീരുവയും നിബന്ധനകളുമില്ലാതെ രണ്ടു രാജ്യങ്ങളിലും വ്യാപാരം ചെയ്യാൻ തീരുമാനം എടുത്തു. അതിൽ ഒരു ഐറ്റം മത്സ്യമാണ്. ഇന്ത്യ ലോകത്തിലേറ്റവും കൂടുതൽ മത്സ്യം ഉൽപ്പാദിപ്പിക്കുന്ന രാഷ്ട്രങ്ങളിലൊന്നാണ്. എന്നാൽ തായ്‌ലന്റ് മറ്റ് രാഷ്ട്രങ്ങളിൽ നിന്നും Raw fish (പച്ച മത്സ്യം) കൊണ്ട് വന്ന് Value Added Product ആയി കയറ്റുമതി ചെയ്യുകയാണ്. നമ്മുടെ ഭയപ്പാട് തായ്‌ലന്റിൽ നിന്ന് കുറഞ്ഞ വിലയ്ക്കുള്ള മത്സ്യം ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുമെന്നാണ്. നമ്മുടെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഇന്നുതന്നെ ബുദ്ധിമുട്ടിലാണ്. പാമ്പ് കടിച്ചവന് ഇടിവെട്ടേറ്റതുപോലെയാണ് സുനാമിദുരന്തത്തെത്തുടർന്ന് മത്സ്യമില്ല; ഉള്ള മത്സ്യത്തിന് ഭയങ്കര വിലയും. ഈ സാഹചര്യത്തിൽ കേന്ദ്രഗവണ്മെന്റും തായ്‌ലന്റും തമ്മിൽ ഉണ്ടാക്കിയ എഗ്രിമെന്റ് നടപ്പിലാക്കിയാൽ ഇന്ത്യയിലെ മത്സ്യത്തൊഴിലാളികൾ, പ്രത്യേകിച്ച് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ വലിയ ബുദ്ധിമുട്ടിലും കഷ്ടപ്പാടിലുമാകും. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ മുഴുവൻ ഒന്നിച്ച് നിൽക്കുന്ന സന്ദർഭമാണ്. അതുകൊണ്ട് മുഖ്യമന്ത്രി കേന്ദ്രഗവണ്മെന്റുമായി നേരിട്ട് ഇടപെട്ട് ഈ പ്രശ്നം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയും ഇങ്ങനെ യാതൊരു നിയന്ത്രണവുമില്ലാതെ ഇന്ത്യയിൽ മത്സ്യം ഇറക്കുമതി ചെയ്യുന്നത് ഹാനികരമാണെന്ന് കേന്ദ്രഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തുകയും വേണം. ഇന്ത്യ-തായ്‌ലന്റ് ട്രേഡ് എഗ്രിമെന്റിൽ നിന്ന് മത്സ്യ ഇനം ഒഴിവാക്കുന്നതിന് അടിയന്തിര നടപടി ഉണ്ടായില്ലെങ്കിൽ നമ്മുടെ തീരദേശം പട്ടിണിയിലും, ആത്മഹത്യയിലും ആയിത്തീരും എന്ന് കേന്ദ്രഗവണ്മെന്റിനെ ബോദ്ധ്യപ്പെടുത്തണം.

മി. സ്പീക്കർ. ശ്രീ. ടി. എൻ. പ്രതാപനും ഇത് സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ മത്സ്യ മേഖലയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണ് ചൂണ്ടികാണിച്ചിരിക്കുന്നത്. 9-10-2003-ൽ കേന്ദ്രഗവണ്മെന്റും തായ്‌ലന്റും തമ്മിൽ ഉണ്ടാക്കിയ കരാർ 84-ൽപ്പരം മത്സ്യങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ളതാണ്. അതിന്റെ തീരുവ കുറച്ചുകുറച്ചു വന്ന് 1-9-2006 ആകുമ്പോഴേക്കും തീരുവ പൂർണ്ണമായിട്ടും റദ്ദു ചെയ്യുന്നതിനുള്ള ഒരു തീരുമാനമാണ് എടുത്തിരിക്കുന്നത്. ഇത് നമ്മളെ സംബന്ധിച്ച് വളരെ ഗുരുതരമായി ബാധിക്കും. ഇന്ത്യയുടെ മത്സ്യ കയറ്റുമതിയിൽ 20 ശതമാനം കേരളത്തിൽ നിന്നുള്ളതാണ്. യന്ത്രവൽക്കരണം പരമ്പരാഗത മത്സ്യത്തൊഴിലാളികളെ വളരെയധികം ബാധിച്ചിട്ടുണ്ട്. കേരളത്തിന്റെ കടലോരങ്ങളിൽ നിന്ന് ഏറെ ലഭിക്കുന്ന മത്തി, അയില തുടങ്ങിയ മത്സ്യങ്ങൾ ഇറക്കുമതി ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റിൽപ്പെടുത്തിയിരിക്കുന്നു എന്നുള്ളത് മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെ ദോഷകരമായി ബാധിക്കും. ഇക്കാര്യത്തിൽ സംസ്ഥാന ഗവണ്മെന്റിന്റെ ശക്തമായ എതിർപ്പ് കേന്ദ്രഗവണ്മെന്റിനെ 28-1-2005-ൽ അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി കൊച്ചിയിൽ വന്ന സമയത്ത് അവിടെ നടത്തിയ ചർച്ചയിലും ഈ പ്രശ്നത്തെപ്പറ്റി പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ശ്രീ. ടി. എൻ. പ്രതാപനും മറ്റ് ചില സംഘടനകളും ഗവണ്മെന്റിന്റെ മുമ്പിൽ ഇതിന്റെ അപകട സാധ്യതകളെക്കുറിച്ച് വ്യക്തമായ നിവേദനങ്ങൾ തന്നിട്ടുണ്ട്. ഇതിനെതിരെ ഒരു ശക്തമായ നിലപാട് എടുത്തിട്ടുണ്ട്, തുടർന്നും എടുക്കും. ഇത് തീരദേശങ്ങളുള്ള സംസ്ഥാനങ്ങളെയെല്ലാം ബാധിക്കും. കോസ്റ്റൽ ഏരിയയിൽപ്പെട്ട എല്ലാ സംസ്ഥാനങ്ങളിലെയും ഫിഷറീസ് മന്ത്രിമാരുടെ ഒരു യോഗം കേരളം മുൻകൈ എടുത്ത് വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകത്ത് മറ്റ് ഏതിനേക്കാളും പ്രധാനം കൂട്ടായ പരിശ്രമമാണ്. ഓരോ സ്റ്റേറ്റിനേയും ബാധിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നമാണിത്. അതുകൊണ്ട് ഒരു സമ്മേളനം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ഗവണ്മെന്റ് ഇവിടത്തെ മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഈ പുതിയ എഗ്രിമെന്റ് നടപ്പിലാക്കാതിരിക്കാൻ, നടപ്പാക്കിയാൽത്തന്നെ നമ്മളെ ബാധിക്കാത്ത വിധത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടി ശക്തമായ സമ്മർദം ചെലുത്തുമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

(3) ഞാറയ്ക്കലിൽ പോലീസ് കസ്റ്റഡിയിലായിരുന്ന ദളിത് യുവാവിന്റെ ആത്മഹത്യ

ഡോ. എം. എ. കുട്ടപ്പൻ : സർ, ഞാറക്കൽ പോലീസ് സ്റ്റേഷനതിർത്തിയിൽ നെടുങ്ങാട് പ്രദേശത്തുള്ള ശരവണൻ എന്ന ദളിത് യുവാവ് കഴിഞ്ഞ ഞായറാഴ്ച വൈകുന്നേരം കെട്ടിത്തൂങ്ങി ആത്മഹത്യചെയ്യുകയുണ്ടായി. നാലഞ്ചുദിവസംമുൻപ് അജ്ഞാതരായ നാലഞ്ചുപേർ ചേർന്ന് ശരവണനെ ക്രൂരമായി മർദ്ദിക്കുകയും വെട്ടിപരിക്കേൽപ്പിക്കുകയും ചെയ്യുകയുണ്ടായി. തുടർന്ന് ഞാറയ്ക്കൽ ഹോസ്പിറ്റലിൽ ശരവണൻ ചികിത്സയിലായിരുന്നു. ശരവണൻ പോലീസിനുകൊടുത്ത മരണമൊഴിയിൽ ഞാറയ്ക്കൽ പോലീസ് സ്റ്റേഷനിലെ എ. എസ്. ഐ. അടക്കമുള്ള ചില ആളുകൾ അക്രമികളെ പറഞ്ഞുവിട്ടാണ് ഈ അക്രമം നടത്തിയതെന്ന് പറഞ്ഞിട്ടുണ്ട്. സെപ്റ്റംബർ 22-ാം തീയതി ഈ കേസുമായി ബന്ധപ്പെടുത്തി ശരവണനെ നിയമവിരുദ്ധമായി പോലീസ് കസ്റ്റഡിയിൽ വയ്ക്കുകയുണ്ടായി ഒരാഴ്ചയോളം ശരവണൻ പോലീസ് കസ്റ്റഡിയിൽ ഉണ്ടായിരുന്നു എന്നാണ് പറയപ്പെടുന്നത്. ക്രൂരമായി മർദ്ദിക്കുകയും മൂത്രം കുടിപ്പിക്കുകയും ചെയ്തു എന്ന ആക്ഷേപം ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവിടുത്തെ എസ്.ഐ.-യെ സസ്പെൻറു ചെയ്യുകയുണ്ടായി. പോലീസിനെതിരെ കേസും ഉണ്ടായി. മാർച്ചുമാസം 20-ാം തീയതി ശരവണനെ മർദ്ദിച്ച പോലീസുകാരെ കണ്ടെത്താനുള്ള ഐഡന്റീഫിക്കേഷൻ പരേഡ് നിശ്ചയിച്ചിരിക്കുകയായിരുന്നു. കേസ് തെളിഞ്ഞാൽ ഉദ്യോഗസ്ഥരുടെ ജോലി നഷ്ടപ്പെടുമെന്ന് ഭയന്ന് അക്രമികളെ പോലീസുകാർ തന്നെ നിയോഗിച്ചു എന്നാണ് ശരവണൻ മരിക്കുന്നതിനുമുൻപ് മൊഴി നൽകിയിരിക്കുന്നത്; ഇവിടെ ലോക്കൽ പോലീസാണ് അന്വേഷിക്കുന്നത് അന്വേഷണം ഒരിക്കലും നീതിപൂർവ്വകം ആയിരിക്കാനിടയില്ല എന്ന ആക്ഷേപവും ഉണ്ട്. അതുകൊണ്ട് ഉന്നതതല പോലീസ് സംഘത്തെക്കൊണ്ട് അന്വേഷിപ്പിച്ച് നടപടി എടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഡോക്ടർ എം. എ. കുട്ടപ്പൻ പറഞ്ഞത് സെപ്റ്റംബർ-22 ന് ഒരു വള്ളത്തിന്റെ മോഷണവുമായി ബന്ധപ്പെട്ട പരാതിയെത്തുടർന്ന് ശരവണനെ അറസ്റ്റു ചെയ്തുവെന്നാണ്. ഒരാഴ്ചയോളം അനധികൃതമായി പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്നു; അത് സംബന്ധിച്ച് പരാതി ലഭിച്ചു; പരാതി അന്വേഷിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് നിയമവിരുദ്ധമായി ശരവണനെ സൂക്ഷിച്ച പോലീസ് സ്റ്റേഷനിലെ എസ്.ഐ.-യെ സസ്പെന്റ് ചെയ്തു. അദ്ദേഹം ഇപ്പോഴും സസ്പെൻഷനിലാണ്. 24-ാം തീയതിയാണ് ശരവണനെ കണ്ടാലറിയാവുന്ന ആറുപേർ ചേർന്ന് മർദ്ദിച്ചതായി പറഞ്ഞ് ഞാറയ്ക്കൽ സർക്കാരാശുപത്രിയിൽ ചികിത്സയിലായത്. 27-ന് ഡിസ്ചാർജ് ചെയ്തു; കഴിഞ്ഞദിവസം തുങ്ങിമരിച്ചു.[1] ഇത് സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് അതിന്റെ അന്വേഷണങ്ങൾ നടക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അന്വേഷണം ഏതെങ്കിലും ഒരു പ്രത്യേക ഏജൻസിയെ ഏൽപ്പിക്കുന്നതിന് വിരോധമില്ല. കാരണം ഇതിനകത്ത് എന്തെങ്കിലും വിധത്തിലുള്ള തെറ്റായ നടപടി ഉണ്ടായിട്ടുണ്ടെങ്കിൽ അത് വെളിപ്പെട്ടുവരണം എന്നു തന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. ശരവണന്റെ ആദ്യത്തെ പരാതി കിട്ടിയപ്പോൾത്തന്നെ ഗൗരവമായി എടുക്കുകയും അന്വേഷിച്ചപ്പോൾ ശരിയാണെന്ന് കണ്ട് നടപടി എടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ കാര്യത്തിൽ ഉള്ള അന്വേഷണം ശരിയായ രീതിയിൽ നടത്തുമെന്ന് ഉറപ്പുപറയാൻ ആഗ്രഹിക്കുകയാണ്.

(4) ഫാദർ ജോബ് ചിറ്റിലപ്പള്ളിയുടെ കൊലപാതകം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്ന ആവശ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ : ഇലിങ്ങാലക്കുട രൂപതാംഗവും തൃശ്ശിപ്പറമ്പ് വരപ്രസാദ നാഥ പള്ളി വികാരിയുമായിരുന്ന ഫാദർ ജോബ് ചിറ്റിലപ്പള്ളി 28-8-2004 ശനിയാഴ്ച തിരുവോണനാളിൽ അതിദാരുണമായി കൊല ചെയ്യപ്പെടുകയുണ്ടായി. ഈ സംഭവുമായി ബന്ധപ്പെട്ട് അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. എ. കെ. ആന്റണി ഞാൻ നൽകിയ നിവേദനത്തെത്തുടർന്ന് ക്രൈം ബ്രാഞ്ചിനെ കേസ് അന്വേഷണത്തിന് ചുമതല പ്പെടുത്തുകയും കേസുമായി ബന്ധപ്പെട്ട രഘുകുമാർ എന്ന വ്യക്തിയെ പോലീസ് അറസ്റ്റുചെയ്യുകയും ടിയാൾ ജുഡീഷ്യൽ കസ്റ്റഡിയിൽ തുടരുകയുമാണ്. ഈ സംഭവത്തെ തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും സംസ്ഥാന മന്ത്രിസഭയിലെ ശ്രീ കെ. എം. മാണിയും അതുപോലെതന്നെ ശ്രീ. ഡൊമിനിക് പ്രസന്റേഷനും ഉൾപ്പെടെയുള്ള മന്ത്രിസഭാംഗങ്ങൾ സംഭവ സ്ഥലത്ത് വരികയും ഇതുമായി ബന്ധപ്പെടുകയും ചെയ്തിരുന്നു. ഈ സംഭവത്തിൽ രഘുകുമാറിനെ കൂടാതെ മറ്റു പല പ്രതികളും ഉണ്ട് എന്ന് പൊതുവേ സംശയം ഉണ്ടാവുകയും അത് വലിയ ആശങ്കയായി രൂപപ്പെടുകയും അതിനെ തുടർന്ന് നിരവധി പ്രക്ഷോഭങ്ങൾ നടക്കുകയുമൊക്കെ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് ഒരു വിദഗ്ദ്ധ സംഘം അന്വേഷിക്കണം എന്നതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അതിലേക്കാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുകയും അന്വേഷണസംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. അന്വേഷണ സംഘം ഇതുമായി ബന്ധപ്പെട്ട് അന്വേഷണങ്ങൾ നടത്തി വരുന്നുണ്ടെങ്കിൽപ്പോലും ഇതുവരെയായി ഇതിന്റെ അന്വേഷണ റിപ്പോർട്ട് നൽകിട്ടില്ല എന്നുള്ളത് വലിയ ആശങ്കയും ബുദ്ധിമുട്ടും ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ട് വിദഗ്ദ്ധ

LIBRARY ARCHIVES Kerala Legislative Assembly

സംഘത്തിന്റെ അന്വേഷണ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കാൻ ബന്ധപ്പെട്ട ആളുകൾക്ക് നിർദ്ദേശം കൊടുക്കണമെന്നും വളരെ ഗൗരവമായ നടപടികൾ സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇരിങ്ങാലക്കുട രൂപതാഗവും തൃശ്ശൂർ പുത്തിപ്പറമ്പ് വരപ്രസാദ നാഥ പള്ളി വികാരിയുമായിരുന്ന ഫാദർ ജോബ് ചിറ്റിലപ്പള്ളിയെ കൊല ചെയ്ത കേസിൽ ഒരു പ്രതിയെ അറസ്റ്റുചെയ്തിട്ടുണ്ട്. രഘുകുമാർ ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിൽ ആണ്. കൂടുതൽ പ്രതികൾ ഉണ്ടെന്നുള്ള ആക്ഷേപത്തെത്തുടർന്ന് പ്രത്യേകമായ ഒരു സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തുകയാണ്. അന്വേഷണം വളരെ കാര്യമായിട്ടുതന്നെ നടക്കുകയാണ്. ഇനിയും സയന്റിഫിക് ആയി ചില തെളിവെടുപ്പുകൾ ആവശ്യമായിട്ടുണ്ട്. പോളിഗ്രാഫ് ടെസ്റ്റും മറ്റും ബാംഗ്ലൂർ ഫോറൻസിക് ലാബിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. അവരോട് സമയം ചോദിച്ചിരിക്കുകയാണ്. അവരുടെ സമയം കിട്ടിക്കഴിഞ്ഞാലുടൻ അതിനുവേണ്ടി നടപടികൾ സ്വീകരിക്കും. തൃശ്ശൂർ ഡി.ഐ.ജി.യുടെ നേതൃത്വത്തിലുള്ള ടീമാണ് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. എത്രയും വേഗം അവരുടെ അന്വേഷണങ്ങൾ പൂർത്തീകരിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കും.

(5) വടക്കാഞ്ചേരി സ്റ്റേറ്റ് ഹൈവേയിലെ റെയിൽവേ മേൽപ്പാലം

ശ്രീ. എ. സി. മൊയ്തീൻ : സർ, വടക്കാഞ്ചേരി സ്റ്റേറ്റ് ഹൈവേയിലുള്ള മേൽപ്പാലത്തിന്റെ നിർമ്മാണ ആവശ്യവുമായി പൊതുജനങ്ങളുടെ പരാതിക്ക് ഇനിയും പരിഹാരം ആയിട്ടില്ല. മറ്റു റെയിൽവേ മേൽപ്പാലങ്ങൾക്കൊന്നുമില്ലാത്ത രീതിയിൽ സംസ്ഥാന സർക്കാർ ഡെപ്പോസിറ്റ് വർക്കായി ചെയ്യേണ്ട ഈ പാലത്തിന്റെ പണി റയിൽവേ തയ്യാറാക്കി മുൻപ് ചർച്ച ചെയ്ത് വ്യവസ്ഥ ചെയ്തതനുസരിച്ചുള്ള സംഖ്യ ഡെപ്പോസിറ്റ് ചെയ്യാത്തതാണ് ഇപ്പോൾ അതിന് തടസ്സമായി നിൽക്കുന്നത്. വീണ്ടും കാലാവധി നീണ്ടുപോയതുകൊണ്ടുകൂടി എസ്റ്റിമേറ്റ് തുക വർദ്ധിച്ചിട്ടുണ്ട്. അതിനനുസരിച്ച് സംഖ്യ കെട്ടിവയ്ക്കാൻ കഴിയാത്തതുകൊണ്ട് മേൽപ്പാലത്തിന്റെ നിർമ്മാണം വൈകുമോ എന്നുള്ള ഉത്കണ്ഠയിലാണ് ജനങ്ങൾ. മേൽപാലത്തിനുവേണ്ടിയുള്ള സ്ഥലത്തിന്റെ അപ്രോച്ച്റോഡിന്റെ നിർമ്മാണ പ്രവർത്തനം കഴിഞ്ഞിട്ട് മൂന്നുവർഷത്തിലധികമായിട്ടുണ്ട്. ഈ പ്രദേശത്ത്, വടക്കാഞ്ചേരി പട്ടണത്തിലുള്ള റെയിൽവേ ഗേറ്റ് ഉണ്ടാക്കുന്ന ബുദ്ധിമുട്ട് വളരെ ചെറുതല്ല. വടക്കാഞ്ചേരിയുടെ മാത്രം പ്രശ്നമല്ല ഇത്. മെഡിക്കൽകൊളേജിലേക്ക് പോകേണ്ടവർക്കും, മലബാർ മേഖലയിൽനിന്നുള്ള മുഴുവൻ യാത്രക്കാർക്കും വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതാണ്. മെഡിക്കൽകോളേജിലേക്കും അതുപോലെതന്നെ റയിൽവേ സ്റ്റേഷനിലേക്കും തിരിച്ചും പ്രധാനപ്പെട്ട ഓഫീസുകൾ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്തെ ഗേറ്റ് ദിവസത്തിൽ 12 മണിക്കൂറിലധികം അടഞ്ഞുകിടക്കുന്ന സ്ഥിതിയാണുള്ളത്. യാത്രക്കാർ അനുഭവിക്കുന്ന ഈ ദുരിതം നേരിട്ട് അനുഭവിച്ചറിയാൻ മുഖ്യമന്ത്രിക്കുതന്നെ ഇടയായി. ഈ ഗേറ്റിന്റെ ദുരിതം ഒന്നൊഴിവാക്കി വളരെ പെട്ടെന്നുതന്നെ റയിൽവേ ആവശ്യപ്പെട്ട ഡെപ്പോസിറ്റു സംഖ്യ സംസ്ഥാന സർക്കാർ കെട്ടിവച്ച് ഇതിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി ഏതാണ്ട് ഒന്നര വർഷം മുൻപ് പൂർത്തികരിച്ചിട്ടുള്ളതാണ്. മേൽപ്പാലനിർമ്മാണത്തിനായി സംസ്ഥാന സർക്കാർ വിഹിതമായ 41.10 ലക്ഷം രൂപ അടയ്ക്കാനുള്ളതിൽ 19 ലക്ഷം രൂപ ഇതിനകം അടച്ചിട്ടുണ്ട്. ബാക്കി 22.10 ലക്ഷം രൂപ അടയ്ക്കുന്നതിനുള്ള അനുമതി ധനകാര്യവകുപ്പിൽ നിന്ന് ലഭിച്ചുകഴിഞ്ഞു. റെയിൽവേയ്ക്ക് എത്രയും പെട്ടെന്ന് തുക അടയ്ക്കാനുള്ള നടപടി കൈക്കൊള്ളും; തുക അടച്ചുകഴിഞ്ഞാലുടൻ പണി ആരംഭിക്കുമെന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. ഇതിനുവേണ്ടി ഗവൺമെന്റ് ഭാഗത്തുനിന്ന് വളരെ അധികം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽത്തന്നെ റയിൽവേ അധികാരികളുമായി ഇതുസംബന്ധിച്ചുള്ള സംസാരവും നടന്നിട്ടുള്ളതാണ്. ഈ തുക അടച്ചുകഴിഞ്ഞാൽ ടെന്റർ നടപടികൾ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(6) കൊച്ചിൻ യൂണിവേഴ്സിറ്റി ഐ. ഐ. ടി. ആയി ഉയർത്തണമെന്ന ആവശ്യം

ശ്രീ. കെ. മുഹമ്മദാലി: സർ, സംസ്ഥാനത്ത് ഒരു ഐ.ഐ.ടി. ആരംഭിക്കുക എന്നുള്ളത് വളരെക്കാലമായി ആഗ്രഹിക്കുന്നതാണ്. വിദഗ്ദ്ധ സമിതി കൊച്ചിൻ യൂണിവേഴ്സിറ്റിയെ ഒരു ഐ.ഐ.ടി. ആയി ഉയർത്തുവാനുള്ള നിർദ്ദേശം മാനവവിഭവശേഷി വകുപ്പിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി ഒരു ഐ.ഐ.ടി. ആരംഭിക്കാനുള്ള അനുകൂലമായ സാഹചര്യം വന്നിരിക്കുന്നു. ഗവൺമെന്റ് അടിയന്തിരമായി ഈ സാഹചര്യം ഉപയോഗപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നതോടൊപ്പംതന്നെ ഐ.ഐ.ടി. ആരംഭിക്കുമ്പോൾ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിലവിൽ അംഗീകാരം കൊടുത്തിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകൾ, അതുപോലെ മറ്റു യൂണിവേഴ്സിറ്റികളാൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ നിർദ്ദിഷ്ട ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ ഉൾപ്പെടുത്തണം. കൊച്ചിൻ യൂണിവേഴ്സിറ്റി ഐ.ഐ.ടി. ആയാൽ യൂണിവേഴ്സിറ്റിയിൽ ഒഴിവാകുന്ന ഡിപ്പാർട്ടുമെന്റുകൾ കൂടി ഇതിനകത്ത് ഉൾപ്പെടുത്തി ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റി അടിയന്തിരമായി പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, രണ്ട് കാര്യങ്ങളാണ് ശ്രീ. കെ. മുഹമ്മദാലിയുടെ സബ്മിഷനിൽ വ്യക്തമാക്കിയിട്ടുള്ളത്. കേരളത്തിൽ ഐ.ഐ.ടി. സ്ഥാപിക്കണമെന്നുള്ളതാണ് ഒന്ന്. അക്കാര്യത്തിൽ ഞാനും ശ്രീ. കെ. മുഹമ്മദാലിയെപ്പോലെ വളരെ താല്പര്യമുള്ള ആളാണ്. കാരണം ഞാനവിടെ എം.എൽ.എ. ആയിരുന്ന സമയത്ത് കഴിഞ്ഞ സെഷനിൽ ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കിയ ഒരു പ്രമേയമായിരുന്നു കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കണമെന്നുള്ളത്. അത് സ്ഥാപിക്കുന്നതിനുവേണ്ടി ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിതന്നെ അതിൽ വളരെ താല്പര്യമെടുത്തിട്ടുണ്ട്. പ്രധാനമന്ത്രി കൊച്ചിയിൽ വന്ന സമയത്ത് മന്ത്രിസഭാ യോഗത്തിൽ എല്ലാ ആളുകളും ഒരുമിച്ച് അക്കാര്യം അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യത്തിൽ അദ്ദേഹത്തിന്റെ സമീപനം വളരെ

പോസിറ്റീവായിരുന്നു. അത് അനുകൂലമായി പരിഗണിക്കാമെന്നുള്ള നിലയിൽ തന്നെയാണ് പ്രധാനമന്ത്രി പറഞ്ഞിട്ടുള്ളത്. ഇപ്പോൾ കൊച്ചിൻ യൂണിവേഴ്സിറ്റി അപ്ഗ്രേഡ് ചെയ്തിട്ട് ചെയ്യുകയാണോ അതല്ല മറ്റെന്തെങ്കിലും ചെയ്യുകയാണോ എന്നുള്ള കാര്യത്തിലൊന്നും നമുക്ക് നിർബന്ധമില്ല. അങ്ങനെയാണെങ്കിൽ അങ്ങനെ എന്നുള്ളതാണ്. ഇന്ത്യയിൽ രണ്ട് ഐ.ഐ.ടി. എന്നുപറയുമ്പോൾ ഡൽഹിയിലും റൂർക്കിയിലും രണ്ടെണ്ണം ഇങ്ങനെ അപ്ഗ്രേഡ് ചെയ്ത് ഐ.ഐ.ടി. ആക്കിയിട്ടുണ്ട്. മറ്റുചിലത് സ്വതന്ത്രമായ ഐ.ഐ.ടി. ആയിട്ടുതന്നെ കൊടുത്തിട്ടുണ്ട്. അപ്പോൾ രണ്ടായിരുന്നാലും വളരെ താല്പര്യത്തോടുകൂടി അതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി അതിൽ പ്രത്യേകം താല്പര്യമെടുക്കുന്നുണ്ട്. ഏതായാലും നമുക്ക് നല്ല പ്രതീക്ഷയുണ്ട്, നമ്മുടെ കേസ് വളരെ സ്ട്രോംഗ് ആണ്. നമുക്ക് അതിന് എല്ലാംകൊണ്ടും അർഹതയുണ്ട്. ഗവൺമെന്റ് വളരെ താല്പര്യപൂർവ്വം അതിനുവേണ്ടി പരിശ്രമിക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞ രണ്ടാമത്തെ കാര്യം ടെക്നിക്കൽ യൂണിവേഴ്സിറ്റിയാണ്. കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനമനുസരിച്ച് ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകഴിഞ്ഞു. സമയബന്ധിതമായിത്തന്നെ ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ calendar of activities ഞങ്ങൾ ഇന്നുതന്നെ ഫൈനലൈസ് ചെയ്യാൻ പോവുകയാണ്. മൂന്നുമാസത്തിനുള്ളിൽത്തന്നെ പ്രോജക്ട് റിപ്പോർട്ടുണ്ടാക്കി എല്ലാ എഞ്ചിനീയറിംഗ് കോളേജുകളെയും ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ പരിധിയിൽ കൊണ്ടുവരണമെന്നുള്ളതാണ്. ഈ പറഞ്ഞ രണ്ടുകാര്യങ്ങളും വളരെ താല്പര്യപൂർവ്വം പരിഗണിക്കുന്നതാണ്.

(7) തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

ശ്രീ. വി. കെ. ചന്ദ്രൻ: സർ, തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം 82 ശതമാനത്തിലധികം പൂർത്തീകരിച്ചുകഴിഞ്ഞു. 2003-ൽ പൂർത്തീകരിക്കേണ്ട പദ്ധതി 2005 മാർച്ചിൽപ്പോലും പൂർത്തീകരിക്കാൻ കഴിയുമോ എന്നുള്ള കാര്യത്തിൽ സംശയമാണ്. Flood Bank -ന്റെ ടെണ്ടർ വിളിച്ചിട്ടില്ല. Bank connection -ന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. 2004-05 സാമ്പത്തിക വർഷത്തിൽ 8 കോടി രൂപ അനുവദിച്ചുകിട്ടിയിരുന്നുവെങ്കിലും ഇതുവരെ അതിന് എൽ.സി. (Letter of Credit) അനുവദിച്ചിട്ടില്ല. നബാർഡിന്റെ സാമ്പത്തിക സഹായമുള്ള ഒരു പദ്ധതിയാണിത്. നബാർഡിന്റെ കാലാവധി 2005 മാർച്ച് 31-ാം തീയതി പൂർത്തീകരിക്കുകയാണ്. ഇനി നബാർഡ് പണം തരണമെങ്കിൽ നബാർഡുമായിട്ടുള്ള ധാരണാപത്രം മാറ്റി ഒപ്പുവയ്ക്കേണ്ടതുണ്ട്. അതിന്റെ പ്രവർത്തനവും നടന്നിട്ടില്ല. ഈ വർഷത്തെ ബഡ്ജറ്റിൽ ഒരു പൈസപോലും ഇതിന് മാറ്റിവച്ചിട്ടില്ല. നബാർഡിന്റെ ഫണ്ടാണെങ്കിലും വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഹെഡ്ഡിൽ മാച്ചിംഗ് ഗ്രാന്റ് അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ നബാർഡ് ഫണ്ട് തരാൻ സാദ്ധ്യതയില്ല. അങ്ങനെ നബാർഡിന്റെ പൈസ ഇല്ലെങ്കിൽ ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം നിലച്ചുപോകും. വളരെക്കാലമായി ഈ പ്രദേശത്തെ ജനങ്ങളുടെ ഒരു സ്വപ്നമാണ്. പാലക്കാട്-തൃശ്ശൂർ ജില്ലകളെ സഹായിക്കുന്ന ഒട്ടനവധി നിർദ്ദേശങ്ങളുള്ള ഒരു മഹത്തായ പദ്ധതിയാണ്. ഈ പദ്ധതിയുടെ പണി നിന്നുപോകാതിരിക്കാനാവശ്യമായ തുക അനുവദിക്കാൻ ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ തൃത്താലയ്ക്കടുത്ത് വെള്ളിയാങ്കല്ല് എന്ന സ്ഥലത്ത് ഭാരതപ്പുഴയ്ക്കുകുറുകെ 295 മീറ്റർ നീളത്തിൽ പാലത്തോടുകൂടിയ റെഗുലേറ്ററും അനുബന്ധ പണികളും നടത്തി ഒറ്റപ്പാലം താലൂക്കിലെ 3997 ഹെക്ടർ സ്ഥലത്ത് നേരിട്ടും 1857 ഹെക്ടർ സ്ഥലത്ത് ലിഫ്റ്റ് ഇറിഗേഷൻ വഴി കൃഷിക്കും, കുന്നംകുളം, ചാവക്കാട്, ഗുരുവായൂർ എന്നീ മുനിസിപ്പാലിറ്റികൾക്കും 18 അനുബന്ധ പഞ്ചായത്തുകൾക്കും കുടിവെള്ളം പ്രയോജനപ്പെടുത്തുകയാണ് തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി. 1999-ലെ ഷെഡ്യൂൾ നിരക്കനുസരിച്ച് 26.6 കോടി രൂപയാണ് ഈ പദ്ധതിക്ക് പുതുക്കിയ എസ്റ്റിമേറ്റ്. 2004 മാർച്ചുവരെ ഈ പദ്ധതിക്കായി 20.74 കോടി രൂപ ചെലവായിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി ശ്രീ. വി. കെ. ചന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. ഞാനും ശ്രീ. വി. കെ. ചന്ദ്രനും അവിടെ പോയിരുന്നു. അവിടെയുള്ള ജനപ്രതിനിധികളും ഞങ്ങൾക്കൊപ്പം വന്നിരുന്നു. അതിനുശേഷം work schedule ക്രമീകരിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബ്രിഡ്ജിന്റെ ഒരു ഡെക്ക് കൂടി വാർത്തുകഴിഞ്ഞാൽ ബ്രിഡ്ജ് ഉപയോഗപ്രദമാകുന്ന രൂപത്തിലാണ് നിൽക്കുന്നത്. അതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ആർ. ഐ. ഡി. എഫ്.-ന്റെ കാലാവധി 2005 മാർച്ചിൽ അവസാനിക്കുന്നു എന്നുപറഞ്ഞത് ശരിയാണ്, ആ കാലാവധിക്കുള്ളിൽത്തന്നെ ഇത് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. 2006-ൽ പദ്ധതിയുടെ എല്ലാ പണികളും പൂർത്തിയാക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷയോടുകൂടി പോവുകയാണ്. അദ്ദേഹം സൂചിപ്പിച്ച മറ്റ് ആവശ്യങ്ങളെന്തെങ്കിലുമുണ്ടെങ്കിൽ അതും ധനലഭ്യതയനുസരിച്ച് തീർക്കാൻ ശ്രമിക്കുന്നതാണ്.

(8) റാന്നി താലൂക്ക് ആശുപത്രിയിൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിൽ കിടത്തി ചികിത്സയില്ലാത്ത ഏക താലൂക്ക് ആശുപത്രിയാണ് റാന്നി താലൂക്ക് ആശുപത്രി. ഇത് ശബരിമലയുടെ താലൂക്ക് ആശുപത്രികൂടിയാണ്. എനിക്കും അഞ്ജയ്ക്കും ഈ സഭയ്ക്കും കേരളത്തിനും ഇത് അപമാനമാണ്. അവിടെ 84 തസ്തികകളാണ് ആകെയുള്ളത്. അതിൽ 24 തസ്തികകൾമാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ ഫയൽ വരികയാണെങ്കിൽ അത് പരിഗണിക്കാമെന്ന അർത്ഥത്തിൽ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് ശബരിമലയുടെ താലൂക്ക് ആശുപത്രി എന്നുള്ള പരിഗണന വച്ചുകൊണ്ട്, അങ്ങ് എഴുതി തയ്യാറാക്കിക്കൊണ്ടുവന്ന ഉത്തരം പറയാതെ വളരെ അനുകൂലമായ മറുപടി പറയണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, പുതുതായി നിർമ്മിച്ച ആശുപത്രി കെട്ടിടം തുറന്നു പ്രവർത്തിക്കുന്നതിന്റെ ആദ്യപടിയായി 5 അധിക തസ്തിക സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫ്രാസ്ട്രക്ച്ചർ, വേസ്റ്റ് വാട്ടർ ഡിസ്പ്പോസൽ, ഡ്രെയിനേജ് എന്നീ സൗകര്യങ്ങൾ ലഭ്യമാക്കാനുണ്ട്. പൂർണ്ണമായ തോതിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനാവശ്യമായ ഇൻഫ്രാസ്ട്രക്ച്ചറും അധിക തസ്തികകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിലുള്ള തസ്തികകൾ വച്ച് താമസിയാതെ അടുത്ത ദിവസംതന്നെ ആ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാനുള്ള ഐ.പി.കേന്ദ്രം തുറന്നുകൊടുക്കുന്നതാണ്.

V നിയമനിർമ്മാണകാര്യം

മി. സ്പീക്കർ: സമയം വളരെ വൈകിയതുകൊണ്ട് എല്ലാവരും ഒന്ന് സഹകരിക്കണം.

ശ്രീ. ടി. എം. ജേക്കബ്: സമയത്തിന്റെ ക്രമീകരണത്തിൽ 10.30 മുതൽ 12.30 വരെയാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളുടെ സമയം. ഇപ്പോൾ 11.40 ആയി. 12.30 മുതൽ 1.30 വരെ Appropriation Bill എടുക്കണമെങ്കിൽ നമുക്ക് waive ചെയ്യാം.

മി. സ്പീക്കർ: എല്ലാവരും സഹകരിച്ച് പെട്ടെന്ന് തീർക്കുക. ഇതിൽ വിയോജനക്കുറിപ്പൊന്നുമില്ല. പ്രസംഗം കുറച്ച് കൺട്രോൾ ചെയ്താൽ മതി.

I സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരനടപടികളും:

(1) 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇതിൽ വിയോജനക്കുറിപ്പില്ല.

ശ്രീ. എ. കെ. ബാലൻ: ഒരു ക്രമപ്രശ്നമുണ്ട്. ഓർഡിനൻസിന്റെ ഭാഗമായിട്ടാണ് ഈ മൂന്ന് ബില്ലുകളും ഭേദഗതി ചെയ്യപ്പെടുന്നത്. ഞാൻ dissent കൊടുത്തിട്ടുണ്ട്. 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ എന്നിവയുടെ ഭാഗമായിട്ടാണ് dissent കൊടുത്തിട്ടുള്ളത്.

മി. സ്പീക്കർ: അതിന്റെ ചർച്ച ഉച്ചതിരിഞ്ഞാണ്. അതിനെപ്പറ്റി ഇപ്പോൾ സംസാരിക്കേണ്ട.

LIBRARY ARCHIVES Kerala Legislative Assembly